***Office of the Accountant General (A&E), Kerala,***
P.B.No.5607, M.G.Road, Thiruvananthapuram-695039, Phone: 0471-2330311,
Fax: 0471-2330242.

No.P19/VII/DRSSA- /17-18/ Dated: /11/2017

To

All District/Sub Treasury Officers

Sir,

Sub: Enhancement and Unification of Family & Political Pension from Rs.1000/- p.m to Rs.3000/- p.m in respect of the **Erstwhile Princely State Kings and their Royal Family Members of Kerala** reg.

Ref: GO (Ms) No.324/2017/GAD dated 29/10/2017 of General administration (Political) Department, Govt. of Kerala.

I am to enclose herewith copy of GO (Ms) No.324/2017/GAD dated 29/10/2017 issued by General administration (Political) Department,Govt. of Kerala regarding the Enhancement and Unification of Family & Political Pension from Rs.1000/- p.m to Rs.3000/- p.m in respect of the **Erstwhile Princely State Kings and their Royal Family Members of Kerala** in the reference cited. The same is being placed in the official website of this office (www.agker.cag.gov.in). under the link:-"*Treasury endorsement of orders of other states*". A copy of this letter may be exhibited on the notice board of the treasury.

Yours faithfully

14/11/17

Sr. Accounts Officer

Copy to:-

The Director of Treasuries
Thiruvananthapuram

s/d

Sr. Accounts Officer

Pm/2/440/2017-18

# കേരള സർക്കാർ

## സംഗ്രഹം

പൊതുഭരണ വകുപ്പ് – കേരളത്തിലെ നാട്ടുരാജാക്കൻമാർക്കും കുടുംബാംഗങ്ങൾക്കും പ്രതിമാസം നൽകി വരുന്ന ഫാമിലി & പൊളിറ്റിക്കൽ പെൻഷൻ തുക 1000/- രൂപയിൽ നിന്നും 3000/- രൂപയായി ഏകീകരിച്ച് വർദ്ധിപ്പിച്ച് ഉത്തരവാകുന്നു.

പൊതുഭരണ (പൊളിറ്റിക്കൽ) വകുപ്പ്

സ.ഉ.(കൈ) നം.324/2017/പൊ.ഭ.വ തിരുവനന്തപുരം, തീയതി, 29/10/2017

07 NOV 2017

പരാമർശം : 1. സ.ഉ (സാധാ) നം. 1208/1969/ആർ.ഡി, തീയതി 29.8.1969
2. സ.ഉ (കൈ) നം. 23/2013/പൊഭവ, തീയതി 30.01.2013
3. ശ്രീ കേരള വർമ്മ തമ്പാനും 54 പേരും ചേർന്ന് ഫയൽ ചെയ്ത WP (c) 5801/15 ൻ മേലുള്ള ബഹു. കേരള ഹൈക്കോടതിയുടെ 2.3.17 ലെ വിധിന്യായം

### ഉത്തരവ്

പരാമാർശം (1) ലെ സ്റ്റാൻഡിംഗ് ഉത്തരവിലെ നിയമാവലിക്കാനുസൃതമായാണ് കേരളത്തിലെ മുൻ നാട്ടുരാജാക്കൻമാർക്കും കുടുംബാംഗങ്ങൾക്കും ഫാമിലി & പൊളിറ്റിക്കൽ പെൻഷൻ അനുവദിച്ചു വരുന്നത്.

(2) പരാമാർശം (2) ലെ സർക്കാർ ഉത്തരവ് പ്രകാരം, കേരളത്തിലെ മുൻ നാട്ടുരാജാക്കൻമാരുടെയും കുടുംബാംഗങ്ങളുടെയും ഫാമിലി & പൊളിറ്റിക്കൽ പെൻഷൻ 1000/- രൂപയാണ്. നിലവിൽ പ്രതിമാസം അനുവദിച്ചുവരുന്ന ഫാമിലി & പൊളിറ്റിക്കൽ പെൻഷനിലെ നിരക്കിൽ വർദ്ധനവ് വരുത്തണമെന്നാവശ്യപ്പെട്ട് വിവിധ പ്രദേശങ്ങളിലെ ക്ഷത്രിയ ക്ഷേമ സഭകളുടെ നിരവധി അപേക്ഷകൾ സർക്കാരിലേക്ക് ലഭിക്കുകയുണ്ടായി.

(3) ഇതിനിടയിൽ, ഫാമിലി & പൊളിറ്റിക്കൽ പെൻഷൻ വാങ്ങുന്ന കേരളത്തിലെ മുൻ നാട്ടുരാജാക്കൻമാരുടെയും കുടുംബാംഗങ്ങളുടെയും പെൻഷൻ തുക വർദ്ധിപ്പിച്ച് നൽകണമെന്നാവശ്യപ്പെട്ട് ശ്രീ കേരളവർമ്മ തമ്പാനും മറ്റുള്ളവരും ബഹു. കേരള ഹൈക്കോടതിയെ സമീപിക്കുകയും തുടർന്ന് പരാമർശം (3) ലെ ബഹു. കേരള ഹൈക്കോടതിയുടെ വിധി ന്യായത്തിൽ ഫാമിലി & പൊളിറ്റിക്കൽ പെൻഷൻ സംബന്ധിച്ച് നിലനിൽക്കുന്ന അപാകത പരിഹരിച്ച് പെൻഷൻ തുക ഏകീകരിക്കുന്നതിനുള്ള നടപടികൾ, വിധിന്യായത്തിന്റെ പകർപ്പ് ലഭിച്ച് 6 മാസത്തിനുള്ളിൽ സ്വീകരിക്കുന്നതിന് നിർദ്ദേശിക്കുകയുണ്ടായി.

(4) മേൽ വിഷയം സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, കേരളത്തിലെ മുൻ നാട്ടുരാജാക്കൻമാർക്കും കുടുംബാംഗങ്ങൾക്കും പരാമർശം (2) പ്രകാരം പ്രതിമാസം നൽകിവരുന്ന ഫാമിലി & പൊളിറ്റിക്കൽ പെൻഷൻ തുക 1000/- രൂപയിൽ നിന്നും 3000/- രൂപയായി, ഉത്തരവ് പുറപ്പെടുവിക്കുന്ന തീയതി മുതൽ വർദ്ധിപ്പിച്ച് ഏകീകരിച്ച് ഇതിനാൽ ഉത്തരവാകുന്നു.

(4) പരാമർശം (3) ലെ ബഹു. കേരള ഹൈക്കോടതിയുടെ വിധിന്യായം ഇപ്രകാരം നടപ്പിലാക്കിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻപ്രകാരം)

**ബിശ്വനാഥ് സിൻഹ**

പ്രിൻസിപ്പൽ സെക്രട്ടറി, പൊതുഭരണ വകുപ്പ്

1. എല്ലാ ജില്ലാ കളക്ടർമാർക്കും
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ / ആഡിറ്റ്) കേരള, തിരുവനന്തപുരം
3. അഡ്വക്കേറ്റ് ജനറൽ, എറണാകുളം (with C/L)
4. ലാന്റ് റവന്യു കമ്മീഷണർ, തിരുവനന്തപുരം
5. ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
6. ധനകാര്യ വകുപ്പ്
7. പൊതുഭരണ (എസ് സി) വകുപ്പ്
8. വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (പ്രസിദ്ധീകരണത്തിന്)
9. ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്
10. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ